പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 295

07.10.2016-ൽ മറുപടിയ്ക്ക്

## 'ശുഭയാത്ര' പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. വി. അൻവർ<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. എം. നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ട്രാഫിക് നിയമ ബോധവത്ക്കരണം ലക്ഷ്യമാക്കി 'ശുഭയാത്ര' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ ;<br><br>(സി) ഏതെല്ലാം വകുപ്പുകൾ ചേർന്നാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ ? | (എ), (ബി) & (സി) | ഉണ്ട്. അപകട മരണങ്ങൾ കുറയ്ക്കുന്നതിനായി സംസ്ഥാന ഗതാഗത വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് സംസ്ഥാനത്ത് പോലീസ് 'ശുഭയാത്ര 2015' എന്നൊരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ റോഡുകളെ സമൂഹത്തിലുള്ള എല്ലാ വിഭാഗങ്ങൾക്കും സുരക്ഷിതമായി ഉപയോഗിക്കുവാൻ സാദ്ധ്യമാക്കുക, പൊതുജനങ്ങൾക്ക് സുരക്ഷിതയാത്ര സംബന്ധിച്ച് ട്രാഫിക് അവബോധം നൽകുക, അവ ശരിയായി പാലിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണ് 'ശുഭയാത്രാ' പദ്ധതിയ്ക്കുള്ളത്. |

സെക്ഷൻ ഓഫീസർ